# കേരളസർവകലാശാല

നം.പി.ആർ.27/2023

## പത്രക്കുറിപ്പ്

### ‘ഭാഷയ്ക്കൊരു ഡോളർ’ പുരസ്കാരത്തിന് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

കേരളസർവകലാശാല, അമേരിക്കൻ മലയാളി സംഘടനകളുടെ ഫെഡറേഷനായ ‘ഫൊക്കാന’ യുമായി ചേർന്ന് നൽകുന്ന ‘ഭാഷയ്ക്കൊരു ഡോളർ’ പുരസ്കാരത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. 2021 ഡിസംബർ 1 മുതൽ 2022 നവംബർ 30 വരെയുമുള്ള കാലയളവിൽ കേരളത്തിലെ സർവകലാശാലകളിൽ നിന്നും മലയാളഭാഷയിലും സാഹിത്യത്തിലും പിഎച്ച്.ഡി. ലഭിച്ചവർക്ക് പ്രബന്ധം അവാർഡിനായി സമർപ്പിക്കാം. 50,000/- രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. സമ്മാനാർഹമാകുന്ന പ്രബന്ധത്തിന്റെ മാർഗദർശിക്ക് 5,000/- രൂപ സമ്മാനമായി നൽകും. അപേക്ഷകരുടെ പിഎച്ച്.ഡി. പ്രബന്ധങ്ങൾ മാർഗദർശി സാക്ഷ്യപ്പെടുത്തിയിരിക്കണം. കൂടാതെ പ്രബന്ധത്തിന്റെ സി.ഡി. അപേക്ഷയ്ക്കൊപ്പം സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2023 ഫെബ്രുവരി 28 വൈകിട്ട് 5 മണി വരെ. അവാർഡിന് അർഹമാകുന്ന പ്രബന്ധം സർവകലാശാല പ്രസിദ്ധീകരണവിഭാഗം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷകൾ ലഭിക്കേണ്ട വിലാസം: രജിസ്ട്രാർ, കേരളസർവകലാശാല, പാളയം, തിരുവനന്തപുരം-695034. അവാർഡിന് അർഹമാകാത്ത പിഎച്ച്.ഡി. പ്രബന്ധങ്ങൾ അപേക്ഷകർക്ക് സർവകലാശാലയിൽ നിന്ന് തിരികെ കൈപ്പറ്റാവുന്നതാണ്.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.പി.എ. (മൃദംഗം) പരീക്ഷയുടെ പ്രാക്ടിക്കൽ 2023 ഫെബ്രുവരി 28 മുതൽ തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. ഹോം സയൻസ് പരീക്ഷയുടെ വൈവയും പ്രാക്ടിക്കലും ഫെബ്രുവരി 8 മുതൽ 10 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2023 മാർച്ച് 9 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. റെഗുലർ (2020 സ്കീം – 2021 അഡ്മിഷൻ) (ഫുൾടൈം (യു.ഐ.എം.ഉൾപ്പെടെ)ട്രാവൽ ആന്റ് ടൂറിസം), സപ്ലിമെന്ററി (2020 സ്കീം – 2020 അഡ്മിഷൻ, 2018 സ്കീം – 2019 അഡ്മിഷൻ) (ഫുൾടൈം (യു.ഐ.എം. ഉൾപ്പെടെ)/ട്രാവൽ ആന്റ് ടൂറിസം/ഈവനിംഗ് – റെഗുലർ), മേഴ്സിചാൻസ് (2009 സ്കീം – 2010 – 2013 അഡ്മിഷൻ, 2014 സ്കീം – 2014 – 2017 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ഫെബ്രുവരി 7 ന് ആരംഭിക്കുന്നതാണ്. റെഗുലർ & സപ്ലിമെന്ററി വിദ്യാർത്ഥികൾ പിഴകൂടാതെ ഫെബ്രുവരി 15 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 20 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 22 വരെയും അപേക്ഷിക്കാം. മേഴ്സിചാൻസ് വിദ്യാർത്ഥികൾക്ക് പിഴകൂടാതെ ഫെബ്രുവരി 20 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 23 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2022 ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. (എസ്.ഡി.ഇ.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി ഫെബ്രുവരി 6 മുതൽ 15 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ.V (അഞ്ച്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
04.02.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries
**helpdesk@keralauniversity.ac.in,examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**